**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.679** **29.10.2019-ൽ മറുപടിക്ക്**

## ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ

| | ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകളിൽ വൈദ്യുതി ലഭിക്കാനുള്ള നടപടിക്രമം എന്താണെന്ന് അറിയിക്കാമോ; | (എ)<br>(ബി)<br>&<br>(സി) | എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ട് എന്നിവ ഉപയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകളുടെ വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. സാധാരണഗതിയിൽ പുതിയ കണക്ഷനുകൾ ലഭിക്കുവാൻ വേണ്ട അപേക്ഷ, തിരിച്ചറിയൽ രേഖ, ലൈറ്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലമുടമയുടെ / നിരത്തിന്റെ നിരാക്ഷേപപത്രം / അനുമതി എന്നീ രേഖകൾ മാത്രം സ്വീകരിച്ചുകൊണ്ടാണ് കെ. എസ്. ഇ. ബി. എൽ., ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകൾക്കുള്ള വൈദ്യുതി കണക്ഷൻ നൽകുന്നത്.<br>നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ മെയിനിൽ നിന്നുമുള്ള ദൂരം 35 മീറ്ററിൽ കുറവുള്ള സ്ഥലങ്ങളിൽ മാത്രമേ പോസ്റ്റ് കൂടാതെ വെതർ പ്രൂഫ് സർവീസ് കണക്ഷൻ നല്കാൻ വ്യവസ്ഥയുള്ളൂ. 35 മീറ്ററിൽ കൂടുതലുള്ള കണക്ഷനുകൾക്കാണ് സാധാരണ ഗതിയിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച വൈദ്യുതി കണക്ഷൻ നൽകുന്നത്. ഇതു കൂടാതെ, ഗവണ്മെന്റ് ഉത്തരവ് G.O. (P) No.27/2017/Fin/Tvm dated 26.02.2017 ലെ നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതുണ്ട്. |
| (ബി) | ഇത്തരം എല്ലാ കണക്ഷനുകൾക്കും ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കേണ്ടതുണ്ടോ; നിലവിലുള്ള ഇലക്ട്രിക് പോസ്റ്റിൽ നിന്ന് എത്ര അകലത്തിൽ പുതിയ ലൈറ്റ് സ്ഥാപിക്കുമ്പോഴാണ് പുതിയ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കേണ്ടത്; വിശദാംശങ്ങൾ അറിയിക്കാമോ; | | |
| (സി) | ഈ ഫണ്ടുകൾ വിനിയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ ഒരേ നിയമം / വ്യവസ്ഥയാണോ നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ